പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 103 04.02.2019 ൽ മറുപടിക്ക്**

**പ്രളയത്തിൽ തകർന്ന റോഡുകളുടെ നവീകരണം**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.എം.ഷാജി<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ.പി.കെ.അബ്ദു റബ്ബ്<br>ശ്രീ.എൻ. ഷംസുദ്ദീൻ | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) പ്രളയത്തിൽ തകർന്ന റോഡുകളുടെ നവീകരണത്തിനായി റോഡ് ഫണ്ടിൽ നിന്നും തുക അനുവദിക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിരുന്നോ; | എ) സെൻട്രൽ റോഡ് ഫണ്ടിൽ നിന്നും 2018-19 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിലെ 312.1 കി.മീ നീളത്തിലുള്ള 27 റോഡുകൾക്കും, ചാലിയാർ പുഴയ്ക്ക് കുറുകെ എളമരക്കടവിൽ നിർമ്മിക്കുന്ന പാലത്തിനുമായി 351 കോടി രൂപയുടെ ഭരണാനുമതി 08.10.2018 ലെ കത്ത് പ്രകാരം കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിൽ നിന്നും ലഭിച്ചിട്ടുണ്ടായിരുന്നു. എന്നാൽ സംസ്ഥാനത്ത് ആഗസ്റ്റ് മാസത്തിൽ ഉണ്ടായ പ്രളയത്തെ തുടർന്ന് തകർന്ന റോഡുകളുടെ നവീകരണത്തിനായി സെൻട്രൽ റോഡ് ഫണ്ടിൽ നിന്നും അധിക അനുമതി ലഭിക്കുന്നതിന് വേണ്ടി 390.60 കി.മീ ദൈർഘ്യമുള്ള 27 റോഡുകൾക്കും ഒരു പാലത്തിനുമായി 450 കോടി രൂപയുടെ പ്രൊപ്പോസൽ കൂടി കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിലേക്ക് സമർപ്പിച്ചിട്ടുണ്ടായിരുന്നു. |
| ബി) സംസ്ഥാനം ആവശ്യപ്പെട്ട പ്രകാരം തുക അനുവദിച്ച് നൽകിയിട്ടുണ്ടോ എന്നറിയിക്കാമോ; | ബി) നേരത്തെ അനുവദിച്ച 351 കോടി രൂപയ്ക്കുള്ള പദ്ധതികൾക്ക് പുറമെ നടപ്പു വർഷം 450 കോടി രൂപയുള്ള 28 പദ്ധതികൾക്ക് (390.6 കി.മീ റോഡും ഒരു പാലവും ഉൾപ്പെടെ) അംഗീകാരം ലഭിച്ചിട്ടുണ്ട്. |

| | |
|---|---|
| സി) പ്രസ്തുത തുക ഉപയോഗിച്ചുള്ള പണികൾ എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ? | സി) പ്രസ്തുത പദ്ധതികളുടെ ധനാനുമതി നൽകുന്നതിന് ധനകാര്യ വകുപ്പിന്റെ സമ്മതം ലഭിച്ചിട്ടുണ്ട്. ധനാനുമതിയും സാങ്കേതികാനുമതിയും എത്രയും വേഗം പുറപ്പെടുവിക്കുന്നതും തുടർ നടപടികൾ പൂർത്തിയായാലുടൻ പണികൾ ആരംഭിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ